No. CEE4600/2019/KEAM-2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സ് ഒഴികെ) മോപ് അപ് കൗൺസിലിംഗ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള അവസരം

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സ് ഒഴികെയുള്ള മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിന് മോപ് അപ്പ് കൗൺസിലിംഗ് ഓൺലൈനായി നടത്തുന്നതാണ്. ഈ അവസരത്തിൽ പുതുതായി ഉൾപ്പെടുത്തിയ സിദ്ധ കോഴ്സിലേയ്ക്കും, (തിരുവനന്തപുരം ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്), ആയുർവേദ കോഴ്സിലേയ്ക്കും (കോഴിക്കോട് കെ.എം.സി.റ്റി ആയുർവേദ മെഡിക്കൽ കോളേജ്) ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും **08.02.2021** മുതൽ **12.02.2021**, വൈകുന്നേരം **3.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**15.01.2021** ലെ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ (F.NO.R.14011/2/2021-EP-1) നമ്പർ കത്ത് പ്രകാരം ആയുർവേദ/ഹോമിയോ/സിദ്ധ/ യുനാനി കോഴ്സുകളിലേയ്ക്ക് NEET-2020 യുടെ യോഗ്യതാ മാർക്ക് പുനർനിർണ്ണയിച്ച സാഹചര്യത്തിൽ പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ മോപ്–അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Mop-Up Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **08.02.2021** മുതൽ **12.02.2021** വൈകുന്നേരം **3.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സിന്റെ ഓൺലൈൻ മോപ് അപ്പ് അലോട്ട്മെന്റ് **15.02.2021** ന് പ്രസിദ്ധീകരിക്കുന്നതാണ്.

കുറിപ്പ്:

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുമെന്ന് ഉറപ്പുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ നൽകേണ്ടതാണ്. മോപ് അപ് അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം നേടാത്ത പക്ഷം കീം 2020 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.
2. മോപ് അപ് അലോട്ട്മെന്റിലൂടെ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.
3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സിൽ നിലവിൽ അഡ്മിഷനുള്ള വിദ്യാർത്ഥിക്ക് മോപ് അപ് കൗൺസിലിംഗിലൂടെ പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലുള്ള അഡ്മിഷൻ റദ്ദാകുന്നതാണ്.
4. അഖിലേന്ത്യാ കൗൺസിലിംഗിലൂടെ BAMS/BHMS/BSMS/BUMS കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ് അപ്പ് കൗൺസിലിംഗിൽ പരിഗണിക്കുന്നതല്ല.
5. അഖിലേന്ത്യാ കൗൺസിലിംഗിലൂടെ MBBS/BDS കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഓൺലൈൻ മോപ് അപ്പ് കൗൺസിലിംഗിൽ പരിഗണിക്കുന്നതല്ല. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം MBBS/BDS കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും ഓൺലൈൻ മോപ് അപ്പ് കൗൺസിലിംഗിൽ പരിഗണിക്കുന്നതല്ല

6. മോപ് അപ് അലോട്ട്മെന്റിനുശേഷവും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം വിദ്യാർത്ഥികൾ **08.02.2021** മുതൽ **12.02.2021**, വൈകുന്നേരം **3.00** മണി വരെ നൽകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പിന്നീട് നടത്തുന്നതായിരിക്കും.

## Newly Included colleges

| Sl. No. | Code | Self financing Colleges | Fees |
|---|---|---|---|
| 1 | SGS | Santhigiri Siddha Medical College, Santhigiri P O, Pothencode Via, Thiruvananthapuram – 695 584 | 1,89,000/- |
| 2 | *KMA | KMCT Ayurveda Medical College, Manassery P.O., Kozhikkode | 1,99,415/- |

* അലോട്ട്മെന്റ് സർക്കാർ/യൂണിവേഴ്സിറ്റി ഉത്തരവുകൾക്ക് വിധേയമായിരിക്കും.

## അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 08.02.2021 | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| 12.02.2021, വൈകുന്നേരം 03.00 മണി | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 15.02.2021 | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 16.02.2021 മുതൽ 20.02.2021 വൈകിട്ട് 3.00 മണി വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 20.02.2021 വൈകിട്ട് 4.00 മണി വരെ | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**ഫീസ്:**

മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് കോഴ്സ് തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. എന്നാൽ സ്വാശ്രയ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
08.02.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**